പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 11 | 08.02.2016-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിൽ കൊറിയർ-കം-പാഴ്സൽ സർവ്വീസ്

**ചോദ്യം**

ശ്രീ. ജി.എസ്. ജയലാൽ :
'' പി. തിലോത്തമൻ :
'' കെ.അജിത് :
'' വി.ശശി:

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ കൊറിയർ-കം-പാഴ്സൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ എന്നറിയിക്കുമോ; | (എ) | ഉണ്ട്.<br>07.07.2015-ൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് 23.10.2015 മുതൽ കൊറിയർ പാഴ്സൽ സർവ്വീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 27 ബസ് സ്റ്റേഷനുകളിലാണ് കൊറിയർ / പാഴ്സൽ സർവ്വീസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത സേവനത്തിനായി ഏതെല്ലാം തരത്തിലുള്ള എത്ര ബസ്സുകൾ വീതം ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 3727 ബസുകൾ അനുവദിച്ചിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്.<br>ഓർഡിനറി - 2024 എണ്ണം<br>ഫാസ്റ്റ് പാസഞ്ചർ - 1111 എണ്ണം<br>സൂപ്പർ ഫാസ്റ്റ് - 291 എണ്ണം<br>എക്സ്പ്രസ് - 87 എണ്ണം<br>സൂപ്പർ ഡീലക്സ് - 50 എണ്ണം<br>സിറ്റി ഫാസ്റ്റ് - 153 എണ്ണം<br>വോൾവോ - 11 എണ്ണം |
| (സി) | പ്രസ്തുത സേവനത്തിന്റെ നടത്തിപ്പ് സ്വകാര്യ കമ്പനിയെ ഏല്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഏല്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | ഉണ്ട്. 16.03.2015-ൽ ലേലം / ടെണ്ടർ നടപടികളിലൂടെ സ്വകാര്യ കമ്പനിയായ ട്രാക്കോൺ കൊറിയേഴ്സിന് (റീച്ചോൺ ഫാസ്റ്റ് ബസ് സർവ്വീസ്) ലൈസൻസ് നൽകിയിട്ടുണ്ട്. പ്രതിമാസം കുറഞ്ഞ അടിസ്ഥാന ലൈസൻസ് ഫീ തുകയായിട്ടുള്ള 2,00,000/- (രണ്ടു ലക്ഷം രൂപ മാത്രം) രൂപയോ വരുമാന വിഹിതമോ ഏതാണോ കൂടുതൽ എന്ന രീതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി ആരംഭിച്ചതിനു ശേഷം കെ.എസ്.ആർ.ടി.സി ക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ഡി) | നിലവിൽ 01.11.2015 മുതൽ പ്രതിമാസം രണ്ട് ലക്ഷം രൂപ വീതം കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാനം ലഭിച്ചുവരുന്നുണ്ട്. കൂടാതെ 2007 മുതൽ കെ.എസ്.ആർ.ടി.സി. ബസുകളിൽ നിർമ്മിച്ച കൊറിയർ ബോക്സുകൾ ഉപയോഗിക്കുന്നതിനും വരുമാനം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ബസ് സ്റ്റേഷനുകളിലും കൊറിയർ പാഴ്സൽ സംവിധാനം ഏർപ്പെടുത്തുന്നതോടെ പ്രതിമാസം 1 കോടി രൂപയ്ക്ക് മേൽ ആകെ വരുമാനവും അതിൽ 40% വരെ കെ.എസ്. ആർ.ടി.സി.ക്ക് വരുമാന വിഹിതവും പ്രതീക്ഷിക്കുന്നു. |
| (ഇ) | ഉരുപ്പടികൾ ഡോർ ഡെലിവറി നടത്താറുണ്ടോ; ഏതു വിധത്തിലാണ് ഉരുപ്പടികൾക്ക് ചാർജ്ജ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | കൊറിയർ പാഴ്സൽ സർവ്വീസിന് ലൈസൻസ് കരസ്ഥമാക്കിയിട്ടുള്ള കമ്പനി ഹോം ഡെലിവറി അടക്കം സംവിധാനങ്ങൾ ഭാവിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൊറിയർ പാഴ്സലിന്റെ നിരക്ക് നിലവിൽ നിശ്ചയിച്ചിരിക്കുന്നത് ഡോക്കുമെന്റ്സിന് കേരളത്തിനകത്ത് 100 ഗ്രാം വരെ 15/- രൂപ + സർവ്വീസ് ടാക്സ്, പാഴ്സൽ / ഡോക്കുമെന്റ്സിന് 1 കിലോഗ്രാം വരെ 10/- രൂപ + സർവ്വീസ് ടാക്സ്. |

സെക്ഷൻ ഓഫീസർ